പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2567 — 22.06.2012 ൽ മറുപടിയ്ക്ക്

# പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി.റ്റി.എ. റഹീം | | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) | പ്രധാനമന്ത്രി ഗ്രാമീണ റോഡ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ പൂർത്തിയാക്കാനുള്ള 720 കി.മീ. റോഡ് നിർമ്മാണത്തിന് മാറ്റങ്ങളോടെ സമർപ്പിച്ച പുതുക്കിയ പദ്ധതി കേന്ദ്രം അംഗീകരിച്ചുവോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് മാറ്റം വരുത്തിയ പദ്ധതിക്ക് കേന്ദ്രം അനുമതി നൽകാതിരുന്നത് എന്നറിയിക്കുമോ ; | എ) | നിലവിലുള്ള കോർ നെറ്റ് വർക്കിൽ നിന്നും പുനരുദ്ധാരണത്തിനായി 720 കി.മീ ദൈർഘ്യം വരുന്ന റോഡുകളുടെ പ്രൊപ്പോസലുകൾ സമർപ്പിക്കാമെന്ന് കേന്ദ്ര ഗ്രാമവികസന മന്ത്രി കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്., ജില്ലകളിൽ നിന്നും ലഭിച്ച മുൻഗണനാ പട്ടിക ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള എസ്.എൽ. എസ്.സി യുടെ അംഗീകാരം ലഭ്യമാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) | 2006-ൽ സംസ്ഥാനം സമർപ്പിച്ച കോർ നെറ്റ്വർക്ക് പദ്ധതിയിൽ എന്തെല്ലാം മാറ്റങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടാണ് കേന്ദ്ര സർക്കാരിന് കൈമാറിയത് ; | ബി) | 2006 ൽ കോർ നെറ്റ്വർക്ക് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടില്ല. 2003 ൽ സമർപ്പിച്ച കോർ നെറ്റ്വർക്കാണ് നിലവിലുള്ളത്. ഇതിൽ മാറ്റങ്ങൾ വരുത്തിയിട്ടില്ല. കോർ നെറ്റ്വർക്ക് പുതുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| സി) | സർക്കാർ മുന്നോട്ടുവച്ച മാറ്റങ്ങൾ കേന്ദ്രം അംഗീകരിക്കാത്തതുകൊണ്ട് പദ്ധതി നടത്തിപ്പിൽ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് ഉണ്ടാകാനിടയുള്ളതെന്ന് പറയാമോ ; | സി) | വൈദ്യുതി, ടെലഫോൺ പോസ്റ്റുകളും, ജലവിതരണ പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവും, ടെണ്ടർ പ്രീമിയം അനുവദിക്കുന്നതിനുള്ള അധിക തുകയും പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തണമെന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. ഇതുമൂലം സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നു. |
| ഡി) | കേന്ദ്രം ആവശ്യപ്പെട്ടതുപോലെ പഴയ രൂപത്തിലുള്ള പദ്ധതിരേഖ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ? | ഡി) | പഴയ രൂപത്തിൽ പദ്ധതി രേഖ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ